(ഡി) ഇപ്പോൾ നടന്നുവരുന്ന പ്രധാന നിർമ്മാണപ്രവർത്തനങ്ങൾ ഏന്തെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മാനവീയം പരിപാടികളുമായി സഹകരിച്ച് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച സംഘടനകളെയും സ്ഥാപനങ്ങളെയും അഭിനന്ദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മാനവീയം സാംസ്ക്കാരിക മിഷൻ പരിപാടിയുടെ ഭാഗമായി ബന്ധപ്പെട്ട് സംസ്ഥാനമാകെ ഗവൺമെന്റ് ഏജൻസികളും ബഹുജനസംഘടനകളും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഭവനപദ്ധതി ഇതിന്റെ ഭാഗമാണ്. എൻ.ജി.ഒ. യൂണിയൻ തിരുവനന്തപുരത്തും, വയനാട്ടിലും ബസ്സ് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു. തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ആശുപത്രിയിൽ രോഗികളുടെ കൂടെയിരിക്കുന്നവരുടെ ഉപയോഗത്തിനായി വിശ്രമമന്ദിരം പണിതു. തൃശൂരിൽ ഒല്ലൂക്കര പഞ്ചായത്തിലെ 6-ാം വാർഡിൽ ശുദ്ധജല വിതരണത്തിനുള്ള പൈപ്പ് സ്ഥാപിച്ചു. ഇടുക്കി ജില്ലയിൽ സഹസ്രാബ്ദ വൃക്ഷത്തൈ നടൽ ആരംഭിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തുകയുണ്ടായി.

(സി) ഇതിനായി മാനവീയം ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നില്ല.

(ഡി) കൊച്ചി നഗരസഭ മാനവീയം സഹസ്രാബ്ദ ഭവനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കാനും ഉള്ളവയുടെ അറ്റകുറ്റപണികൾ തീർത്ത് അനുയോജ്യമാക്കാനും സ്പോർട്സ് കൗൺസിലിന് ഉദ്ദേശമുണ്ട്. കേരള ജല അതോറിറ്റി 50 ശുദ്ധജല വിതരണപദ്ധതികൾ തുടങ്ങുന്നതിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ജലഭവൻ പരിസരത്തെ ഒബ്സർവേറ്ററി ഹില്ലിലുള്ള പൂന്തോട്ടങ്ങളുടെ സംരക്ഷണം ആറ് ഗ്രൂപ്പുകളെ ഏല്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഇ) മാനവീയം പരിപാടിയുമായി സഹകരിച്ച് സർവീസ് ബഹുജന സംഘടനകളും ഗവൺമെന്റ് ഏജൻസികളും നിർമ്മാണരംഗത്ത് മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഇത് അഭിനന്ദനാർഹമാണ്.

മാനവീയം പരിപാടിയുടെ ചെലവ്

7 (1201) ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം പരിപാടിയിൽ ശ്രീ. എം. എ ബേബിയുടെ പങ്കിനെക്കുറിച്ച് വിശദമാക്കാമോ ;

(ബി) അദ്ദേഹം യാത്രാപ്പടി ഇനത്തിൽ എന്തു തുക കൈപ്പറ്റിയിട്ടുണ്ട് ;

(സി) മാനവീയത്തിന്റെ ഉദ്ഘാടനപരിപാടിക്കായി എന്തു തുക ചെലവായി ; കിഷോരി അമോങ്കർ, പണ്ഡിറ്റ് രവിശങ്കർ എന്നിവർക്ക് എത്ര രൂപവീതം പ്രതിഫലം നൽകി എന്നു വ്യക്തമാക്കാമോ ;

(ഡി) മാനവീയത്തിന്റെ ഭാഗമായി പണ്ഡിറ്റ് രവിശങ്കറിന്റെ സംഗീതപരിപാടി നടത്താൻ എ.കെ.ജി. മെമ്മോറിയൽ ഹാളിന്റെ വാടകയായി എത്ര രൂപ നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിന്റെ ഭാഗമായി നടന്ന കലാപരിപാടികളുടെ ടി.വി. പ്രക്ഷേപണാവകാശം ഏതെങ്കിലും ചാനലിന് വിറ്റിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മാനവീയം സാംസ്ക്കാരിക മിഷന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരു അംഗമാണ് ശ്രീ. എം. എ. ബേബി.

(ബി) യാത്രാപ്പടി ഇനത്തിൽ അദ്ദേഹം തുകയൊന്നും കൈപ്പറ്റിയിട്ടില്ല.

(സി) മാനവീയം പരിപാടിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചെലവുകൾക്ക് 2,46,548 രൂപ ചെലവായി. ഇതിൽ കിഷോരി അമോങ്കർക്ക് നൽകിയ പ്രതിഫലമായി 1,75,000 രൂപയും ഉൾപ്പെടും. പണ്ഡിറ്റ് രവിശങ്കറിന് 8 ലക്ഷം രൂപയും പ്രതിഫലമായി നൽകി.

(ഡി) 10,500 രൂപ നൽകി.

(ഇ) വിൽക്കുകയുണ്ടായില്ല.

സാംസ്ക്കാരിക പരിപാടികൾ

8 (1203) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സാംസ്ക്കാരിക പരിപാടികൾ നടത്തിയിട്ടുണ്ട് ; ഇവയിൽ എത്ര പരിപാടികൾ തിരുവനന്തപുരത്ത് നടത്തി ;

(ബി) പ്രസ്തുത സാംസ്ക്കാരിക പരിപാടികൾ ഏതൊക്കെയായിരുന്നു ; ഓരോന്നിനും എത്ര രൂപ ചെലവഴിച്ചു ;

(സി) സാംസ്ക്കാരിക പരിപാടികൾ തിരുവനന്തപുരത്തു മാത്രം സംഘടിപ്പിക്കാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരള ഫോക്‌ലോർ അക്കാഡമി 34 ഉം സംഗീത നാടകഅക്കാദമി 45 ഉം കലാമണ്ഡലം 8 ഉം കേരള സാഹിത്യ അക്കാഡമി 39 ഉം പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ 7 പരിപാടികൾ തിരുവനന്തപുരത്തു നടത്തിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട സാംസ്ക്കാരിക പരിപാടികൾ താഴെപ്പറയുന്നവയാണ്

1. കേരള കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കേരളീയം-99
   ചെലവ് - 10,22,294 രൂപ
2. ഫോക്‌ലോർ അക്കാഡമിയുടെ നാടൻ കലാസംഗമം
   ചെലവ് - 6,25,713 രൂപ
3. സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടന്ന ദക്ഷിണമേഖലാ നാടകമത്സരം-1996
   ചെലവ് - 61,560 രൂപ

LIBRARY ARCHIVES Kerala Legislative Assembly